**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - കണ്ണൂർ ജില്ലയിലെ ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ എൽ.ഡി.ക്ലാർക്കായിരുന്ന ശ്രീ.ടി.എസ്.അനിൽകുമാർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത O.A.(EKM) 272/2016-കേസിലെ 06/02/16 തീയതിലെ വിധി നടപ്പിലാക്കി - **ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സർക്കാർ ഉത്തരവ് (സാധാ) നമ്പർ.2227/2016/തസ്വഭവ, തിരുവനന്തപുരം, തീയതി, 23.7.2016

---

പരാമർശം : 1. സർക്കാർ ഉത്തരവ്(സാധാ) നമ്പർ 3303/2015/തസ്വഭവ ,തീയതി 11/11/ 2015 .

2. ശ്രീ.ടി.എസ്.അനിൽകുമാർ 01.02.2016 തീയതിയിൽ സമർപ്പിച്ച അപ്പീൽ അപേക്ഷ.

3. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A.( EKM) 272/2016 മേലുള്ള 16.02.2016 തീയതിയിലെ ഉത്തരവ്.

4. ഗ്രാമവികസന കമ്മീഷണറുടെ 26.05.2016 – ലെ 209/എസ്റ്റാ.എ 4/2010/ സിആർഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിലെ ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ കമ്പ്യൂട്ടറുകളും മറ്റ് ഫർണിച്ചറും വാങ്ങിയതിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ടി ഓഫീസിലെ എൽ.ഡി.ക്ലാർക്കായിരുന്ന ശ്രീ.ടി.എസ്.അനിൽകുമാറിനെതിരെ സ്വീകരിച്ചിരുന്ന അച്ചടക്ക നടപടി മേൽ പരാമർശം(1) പ്രകാരം ടിയാന്റെ രണ്ടു വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിത പ്രാബല്യത്തോടു കൂടി രണ്ടു വർഷത്തേയ്ക്കു തടഞ്ഞു കൊണ്ട് തീർപ്പാക്കുകയും, ഇതുമായി ബന്ധപ്പെട്ട് സർക്കാരിനുണ്ടായ നഷ്ടത്തിന്റെ പകുതി തുകയായ 45,281/- രൂപ പലിശ സഹിതം ടിയാനിൽ നിന്നും ഈടാക്കുവാൻ ഗ്രാമവികസന കമ്മീഷണർക്ക് സർക്കാർ നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.ഇതിനെതിരെ ടിയാൻ പരാമർശം(2) പ്രകാരം സർക്കാരിൽ അപ്പീൽ അപേക്ഷ സമർപ്പിക്കുകയും (Annexure A10) അതോടൊപ്പം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ O.A.(EKM) 272/2016 കേസ് ഫയൽ ചെയ്യുകയുമുണ്ടായി. ടി കേസിന്മേലുള്ള പരാമർശം(3) പ്രകാരമുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 16.2.2016-ലെ ഉത്തരവിൽ 'Having regard to the facts and circumstances of the case, the respondent is directed to consider and pass appropriate orders on Annexure - A10, after affording an opportunity of being heard to the applicant, within two months from the date of receipt of a certified copy of this order.' എന്ന് നിർദ്ദേശിച്ചിരുന്നു. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിന്റെയടിസ്ഥാനത്തിൽ ഗ്രാമ വികസന കമ്മിഷണർ മുഖേന ടിയാന് നോട്ടീസ് നൽകുകയും ശ്രീ.ടി.എസ് അനിൽ കുമാറിനെ 18.5.2016-ൽ **തദ്ദേശസ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി നേരിൽ കേൾക്കുകയും അപേക്ഷകന്റെ 01.02.2016 തീയതിയിലെ അപേക്ഷ വീണ്ടും പരിശോധിക്കുകയുമുണ്ടായി.**

ടിയാനെ നേരിൽ കേട്ടപ്പോൾ, ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതികൾ

തയ്യാറാക്കുന്നത് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയാണെന്നും ബ്ലോക്ക് പഞ്ചായത്ത ഭരണസമിതിക്കു വേണ്ടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ നിർദ്ദേശങ്ങൾ പാലിക്കുക മാത്രമാണ് ക്ലാർക്കെന്ന നിലയിൽ ടിയാൻ ചെയ്തിട്ടുള്ളതെന്നും പദ്ധതിയുടെ തുടക്കം മുതൽ പൂർത്തീകരണം വരെ വിവിധ ഘട്ടങ്ങളിലായി ഹെഡ് ക്ലാർക്ക്, സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി എന്നിവരുടെ മേൽ നോട്ടത്തിലാണ് ഒരു പദ്ധതി പൂർത്തിയാവുന്നതെന്നും ഈ സാഹചര്യത്തിൽ ക്ലാർക്കെന്ന നിലയിൽ ടിയാനെ മാത്രം ബലിയാടാക്കുകയാണ് ചെയ്തിട്ടുള്ളതെന്നും മേൽ കാര്യങ്ങളെല്ലാം 09.09.2013-ന് നടത്തിയ ഹിയറിംഗിൽ തെളിവ് സഹിതം ഹാജരാക്കിയിട്ടുള്ളതാണെന്നും എന്നാൽ ടിയാന്റെ വാദഗതികളൊന്നും യാതൊരു പരിഗണനയും നൽകാതെയാണ് പരാമർശം (1) ഉത്തരവ് പ്രകാരം ടിയാന്റെ രണ്ടു വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിത പ്രാബല്യത്തോടു കൂടി രണ്ടു വർഷത്തേയ്ക്കു തടഞ്ഞു കൊണ്ട് ഉത്തരവായിട്ടുള്ളതെന്നും, ടിയാന് നൽകിയിട്ടുള്ള മെമ്മോ പ്രകാരം സർക്കാർ പണം ദുരുപയോഗം ചെയ്യുകയോ അപഹരിക്കുകയോ ചെയ്തതായി പരാതികളോ തെളിവുകളോ ലഭിച്ചിട്ടില്ലെന്നും റോഡിന്റെ എഗ്രിമെന്റ് പ്രവർത്തിയിൽ വന്ന അപാകത മാത്രമാണ് ടിയാനെതിരെ കണ്ടെത്തിയിട്ടുള്ളതെന്നും എഗ്രിമെന്റ് പ്രവർത്തികളെല്ലാം തന്നെ ഹെഡ് ക്ലാർക്ക് പരിശോധിച്ച് ചുരുക്കൊപ്പ് വെച്ചിട്ടുള്ളതാണെന്നും കൂടാതെ എഗ്രിമെന്റ് ചെയ്യുന്നത് ബ്ലോക്ക് പഞ്ചായത്തിനു വേണ്ടി സെക്രട്ടറിയാണെന്നും ഫയലുമായി ബന്ധപ്പെട്ട് എന്തെങ്കിലും അപാകതകൾ ഉണ്ട് എന്ന് ബന്ധപ്പെട്ട ഹെഡ് ക്ലാർക്കും എഗ്രിമെന്റ് വെയ്ക്കുന്ന സെക്രട്ടറിയും ഉന്നയിച്ചിട്ടില്ലെന്നും, ഈ സാഹചര്യത്തിൽ ടിയാന്റെ വിശദീകരണം ഉൾക്കൊണ്ടു കൊണ്ട് സർക്കാരിന് നഷ്ടം സംഭവിച്ചു എന്ന് ഉന്നയിച്ച നിരപരാധിയായ ടിയാന്റെ ശമ്പളത്തിൽ നിന്നും ഈടാക്കിയ 45,218/- രൂപയും അതിൽ 18% പലിശയും ടിയാന് തിരിച്ച് നൽകണമെന്നും, 11.11.2015-ലെ സ.ഉ.(സാധാ) നം.3303/2015/തസ്വഭവ ഉത്തരവ് പുനഃപരിശോധിച്ച് അതിൽ നിന്നും ടിയാനെ പൂർണ്ണമായും കുറ്റവിമുക്തനാക്കണമെന്നും, ടിയാന്റെ സസ്പെൻഷൻ കാലയളവ് എല്ലാ കാര്യത്തിലും ഡ്യൂട്ടിയായി പരിഗണിക്കണമെന്നും ടിയാൻ ഹിയറിംഗ് വേളയിൽ ബോധിപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ശ്രീ.അനിൽകുമാർ.ടി.എസ്-നെതിരെ സ്വീകരിച്ചിരുന്ന അച്ചടക്ക നടപടി , നടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കി കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അനുമതിയോടെയാണ്പരാമർശം (1)പ്രകാരം തീർപ്പാക്കിയത്. കൂടാതെ ടിയാനെ നേരിൽ കേട്ടപ്പോഴും തനിക്കെതിരെയുള്ള ആരോപണങ്ങൾ ഖണ്ഡിക്കുന്നതിനായി ആവശ്യമായ തെളിവുകൾ ഹാജരാക്കുന്നതിന് ടിയാന് കഴിഞ്ഞിരുന്നില്ല.. ആയതിനാൽ ടിയാന്റെ ശമ്പളത്തിൽ നിന്നും ഈടാക്കിയ സർക്കാരിനുണ്ടായ നഷ്ടമായ 45218/-(നാല്പത്തയ്യായിരത്തി ഇരുന്നൂറ്റി പതിനെട്ട് ) രൂപയും പലിശയും തിരിച്ചു നൽകണമെന്നതും പരാമർശം (1) ലെ സർക്കാർ ഉത്തരവിൽ നിന്നുംടിയാനെ പൂർണ്ണമായും കുറ്റവിമുക്തനാക്കണമെന്നതുമായ ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ല. ശ്രീ.അനിൽകുമാറിന്റെ സസ്പെൻഷൻ കാലയളവ് ക്രമീകരിക്കണമെന്ന് ടിയാൻ അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുണ്ട്. 22.12.2009 ലെസ.ഉ.(സാധാ) 3411/2009/തസ്വഭവ ഉത്തരവ് പ്രകാരം സസ്പെന്റ് ചെയ്യപ്പെട്ട ശ്രീ.ടി.എസ്.അനിൽകുമാർ 6.9.2010 ലെ സ.ഉ.(സാധാ)2939/2010/തസ്വഭവ ഉത്തരവ് പ്രകാരം 17.9,2010 പൂർവ്വാഹ്നത്തിൽ സർവ്വീസിൽ പുനഃപ്രവേശിച്ചിട്ടുള്ളതായി പരാമർശം(4) പ്രകാരം ഗ്രാമ വികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. KCS(CC&A)Rules 1960 Rule 15 അനുസരിച്ച് കഠിന ശിക്ഷ നൽകി ടിയാന്റെ 2 ഇൻക്രിമെന്റ് സഞ്ചിത പ്രാബല്യത്തോടെ 2 വർഷത്തേക്കു തടഞ്ഞിട്ടുള്ളതാണ്.

ശ്രീ.ടി.എസ്.അനിൽകുമാറിന്റെ 22.12.2009 മുതൽ 5.9.2010 വരെയുള്ള സസ്പെൻഷൻകാലം ശമ്പളവും അലവൻസുകളും ഉപജീവന ബത്തയിൽ പരിമിതപ്പെടുത്തി

പെൻഷനു മാത്രം ഡ്യൂട്ടിയായി കണക്കാക്കി ക്രമീകരിച്ചു കൊണ്ടും, 6.9.2010 മുതൽ 16.9.2010 വരെയുള്ള ഇടവേള, കെ.എസ്.ആർ.ഭാഗം I ചട്ടം 56B (9)-ന് താഴെയുള്ള കുറിപ്പ് 2 പ്രകാരം അർഹതപ്പെട്ട അവധിയായോ, പ്രവേശനകാലമായോ, ഇവ രണ്ടുമായോ കണക്കാക്കി ക്രമീകരിച്ചു കൊണ്ടും, ടിയാന്റെ ശമ്പളത്തിൽ നിന്നും ഈടാക്കിയ സർക്കാരിനുണ്ടായ നഷ്ടമായ 45,218/- രൂപയും, പലിശയും ടിയാന് തന്നെ തിരിച്ച് നൽകണമെന്നും, 11.11.2015-ലെ സ.ഉ. (സാധാ) നം.3303/2015/തസ്വഭവ ഉത്തരവിൽ നിന്നും ടിയാനെ പൂർണ്ണമായും കുറ്റവിമുക്തനാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള പരാമർശം(2) പ്രകാരമുള്ള A10 അപേക്ഷ നിരസിച്ചുകൊണ്ടുംബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം(3)ലെ ഉത്തരവ് നടപ്പിലാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഡേവിഡ് മിൽട്ടൺ**

**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ.ടി..എസ്.അനിൽകുമാർ, എൽ.ഡി.ക്ലാർക്ക്, ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്.കണ്ണൂർ (ഗ്രാമവികസന കമ്മീഷണർ മുഖേന)

അഡ്വക്കേറ്റ് ജനറൽ ,വഞ്ചിയൂർ ,തിരുവനന്തപുരം( ആമുഖ കത്ത് സഹിതം)

ഗ്രാമവികസന കമ്മീഷണർ. തിരുവനന്തപുരം

**പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം**

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

വിവര പൊതുജനസമ്പർക്ക(Web&Newmedia) വകുപ്പ്

(ഗവൺമെന്റ് വെ ബ്സൈറ്റിൽപ്രസിദ്ധീകരിക്കുന്നതിന്)

തദ്ദേശസ്വയംഭരണ (ഒഎസ്) വകുപ്പ്

ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻഓഫീസർ